## ചെന്നെ ദുരിതാശ്വാസ ഫണ്ടിലേക്ക് (സ്പർശം) തുക നൽകി

റാന്നി : ചെന്നെയിൽ ദുരിതമനുഭവിക്കുന്നവർക്കുവേണ്ടി മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നിലയ്ക്കൽ ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ശേഖരിച്ച രണ്ടാം ഗഡു അഖില മലങ്കര യുവജനപ്രസ്ഥാനം പ്രസിഡന്റ് അഭിവന്ദ്യ യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്തായ്ക്ക് കൈമാറി. തിരുവല്ല എം.ജി.എം സ്കൂളിൽ വച്ചു നടന്ന അഖില മലങ്കര യുവജനപ്രസ്ഥാനം സമ്മേളനത്തിൽ യുവജനപ്രസ്ഥാനം ഭദ്രാസന ജനറൽ സെക്രട്ടറി ശ്രീ.അനു വടശ്ശേരിക്കര, ജോയിന്റ് സെക്രട്ടറി മിന്റ മറിയം വർഗീസ്, കേന്ദ്ര കമ്മറ്റിയംഗം അഡ്വ.ബോബി കാക്കാനപ്പള്ളിൽ, അഡ്വ.നോബിൻ അലക്സ് സഖറിയ, ശ്രീ.ജോസ് ജോർജ്ജ് മൽക്ക് എന്നിവർ ചേർന്നാണ് ദുരിതാശ്വാസ ഫണ്ടിലേക്കുള്ള രണ്ടാം ഗഡു നൽകിയത്. കേന്ദ്ര വൈസ്പ്രസിഡന്റ് റവ.ഫാ.ഫിലിപ്പ് തരകൻ, കേന്ദ്ര ട്രഷറർ ജോജി തോമസ് തുടങ്ങിയവർ പ്രസംഗിച്ചു.